## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4118** 16.12.2014-ലെ മറുപടിയ്ക്ക്

### മംഗല്യ നിധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| എ) മംഗല്യനിധിയിലേക്ക് ധനസമാഹരണം നടത്തുന്നത് എങ്ങനെയൊക്കെയാണെന്ന് വിശദമാക്കാമോ;<br>ബി) പ്രസ്തുത പദ്ധതി എന്നാണ് പ്രാബല്യത്തിൽ വന്നത്; നാളിതുവരെ ഇതിലേക്കായി എത്ര തുക സമാഹരിക്കുവാൻ സാധിച്ചു<br>സി) എത്ര രൂപയാണ് ഓരോരുത്തർക്കും പ്രസ്തുത നിധിയിൽ നിന്നും സഹായമായി നല്കിവരുന്നതെന്ന് അറിയിക്കാമോ;<br>ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദീകരിക്കാമോ;<br>ഇ) പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര പേർക്ക് സഹായം നൽകിയെന്നും ഇതിനായി ആകെ എത്ര രൂപ ചെലവായിയെന്നും അറിയിക്കാമോ? | എ), ബി), സി), ഡി) & ഇ) | 2013-ലെ ധനകാര്യ ആക്ട് പ്രകാരം സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായാണ് മംഗല്യനിധി പദ്ധതി രൂപീകരിച്ചത്. ഇതിനാവശ്യമായ ഫണ്ട് മംഗല്യ നിധി സെസ്സായി പിരിക്കാൻ ധനകാര്യ നിയമം 2013 പ്രകാരം വ്യവസ്ഥ ചെയ്തു. പ്രസ്തുത വ്യവസ്ഥ പ്രകാരം മംഗല്യ നിധി സെസ്സ് ചട്ടം 23.7.2013 ൽ പ്രാബല്യത്തിൽ വന്നു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ 500 ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ആഡിറ്റോറിയത്തിലോ വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽ നിന്നാണ് ഈ സെസ്സ് ഈടാക്കിയിരുന്നത്. 23.7.2013 മുതൽ 31.3.2014 വരെ മംഗല്യനിധി സെസ്സായി 4.10 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.<br>പ്രസ്തുത പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ധാരാളം റിട്ട് പെറ്റീഷനുകൾ (W.P.(C).Nos. 4555/2014-T, 23476/2013-H, 26933/2013-N, 27851/2013-F etc.) ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനുകളുടെ അഡ് മിഷൻ സ്റ്റേജിൽ തന്നെ മംഗല്യ നിധി സെസ്സ് പിരിക്കുന്നത് ബഹു ഹൈക്കോടതി സ്റ്റേ ചെയ്തു. തുടർന്ന് 26.8.2014 ലെ അന്തിമവിധി ന്യായത്തിൽ മംഗല്യ നിധി സെസ്സ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചുകൊണ്ട് റദ്ദാക്കി. പ്രസ്തുത വിധിന്യായത്തിൽ നാളിതുവരെ പിരിച്ചെടുത്ത തുക കോട |

പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാനും, വിവാഹപാർട്ടികളിൽ നിന്നും ഈടാക്കാതെ ഹോട്ടലുകളോ, ഓഡിറ്റോറിയങ്ങളോ ഒടുക്കിയ ലെവി അവർക്കുതന്നെ മടക്കി നല്കുവാനും ബഹു ഹൈക്കോടതി വിധിച്ചിട്ടുണ്ട്.

പ്രസ്തുത ചട്ടം റദ്ദാക്കിയതിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുവാനുള്ള നടപടി എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ